A

# സമഗ്രശിക്ഷാ, കേരളം

ഒന്നാം പാദവാർഷിക മൂല്യനിർണയം 2024 - 25

## സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : $2^1/_2$ മണിക്കൂർ

ആകെ സ്കോർ : 80

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(5 x 1 = 5)**

1. 'അർഥശാസ്ത്രം' എഴുതിയതാര്?

എ) ബിംബിസാരൻ ബി) മെഗസ്തനീസ്

സി) ചന്ദ്രഗുപ്തമൗര്യൻ ഡി) കൗടില്യൻ

2. ഇംഗ്ലണ്ടിലെ മധ്യശിലായുഗകേന്ദ്രം ഏത്?

എ) അലികോഷ് ബി) സ്റ്റാർകാർ

സി) ഷോവെ ഡി) ജാർമൊ

3. ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയിൽ ഉൾപ്പെട്ട വിവിധ ലിസ്റ്റുകളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു. ശരിയായത് തിരഞ്ഞെടുത്തെഴുതുക.

i) വിദേശകാര്യം, പ്രതിരോധം തുടങ്ങിയവ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നു.

ii) റെയിൽവെ, പോലീസ് തുടങ്ങിയവ സമവർത്തി ലിസ്റ്റിൽ ഉൾപ്പെടുന്നു.

iii) കൃഷി, ജയിൽ തുടങ്ങിയവ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്നു.

iv) വിദ്യാഭ്യാസം, വിവാഹം തുടങ്ങിയവ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നു.

എ) i), ii)

ബി) iii), iv)

സി) i), iii)

ഡി) ii), iv)

4. ഉത്തരാഖണ്ഡ് ഹിമാലയം ഏതൊക്കെ നദികൾക്കിടയിലാണ് സ്ഥിതി ചെയ്യുന്നത്?

എ) സിന്ധു - സത്‌ലജ് ബി) സത്‌ലജ് - കാളി

സി) കാളി - ടീസ്ത ഡി) ടീസ്ത - ബ്രഹ്മപുത്ര

5. ഹിമാചൽപ്രദേശിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ചുരം ഏത്?

എ) ബാരാലച്ചാ ലാ ബി) ബനിഹാൽ

സി) നാഥുലാ ഡി) റോഹ്താങ്

**6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(8 x 3 = 24)**

6. ഉത്തരേന്ത്യൻ സമതലത്തിലെ ഭാബർ മേഖലയുടെ സവിശേഷതകൾ എഴുതുക.

7. പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

| | | |
|---|---|---|
| എ)...................... | രൂപമാറ്റം വരുത്തൽ | സി ...................... |
| ↓ | ↓ | ↓ |
| ലഭ്യമായ കല്ലുകളെ രൂപമാറ്റം വരുത്താതെ തന്നെ ഉപയോഗിക്കുന്ന രീതി | ബി) .................... | ഓരോ ആവശ്യത്തിനും പ്രത്യേകതരം ഉപകരണങ്ങൾ നിർമ്മിക്കുന്ന രീതി |

8. ഇന്ത്യൻ ഫെഡറലിസത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ സൂചിപ്പിക്കുക.

9. ബുദ്ധമത സ്തൂപങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

10. ചുവടെ നൽകിയിട്ടുള്ള പേരുകൾ ഏതെല്ലാം ഹിമാലയൻനിരകളെ സൂചിപ്പിക്കുന്നു?


എ) ഔട്ടർ ഹിമാലയം

ബി) ഗ്രേറ്റർ ഹിമാലയം


സി) ലസ്സർ ഹിമാലയം

11. മാനവവിഭവശേഷിയെ കൂടുതൽ കാര്യക്ഷമതയുള്ളതാക്കി മാറ്റാൻ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?


12. ചിത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള ഫലകാതിരുകൾ ഏതെല്ലാം?



എ) ..................................



ബി)..........................................



സി)...................................

13. പഞ്ചാബ്-ഹരിയാന സമതലത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും മൂന്ന് ദോബുകളുടെ പേരെഴുതുക.

14. സപ്താംഗസിദ്ധാന്തവുമായി ബന്ധപ്പെട്ട ശരിയായ ജോഡികൾ തിരഞ്ഞെടുത്തെഴുതുക.

എ) മിത്രം - സൗഹൃദരാജ്യങ്ങൾ

ബി) സ്വാമി - മന്ത്രി

സി) ജനപദം - ഭൂമേഖലയും ജനങ്ങളും

ഡി) കോശം - നീതിന്യായം

ഇ) ദുർഗം - കോട്ടകെട്ടി സംരക്ഷിച്ച സ്ഥലം

**15 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(10 x 4 = 40)**

15. ചുവടെ നൽകിയിരിക്കുന്ന ഭൂപടം ഏത് മൺസൂൺ കാറ്റുകളെ സൂചിപ്പിക്കുന്നു? ഈ മൺസൂൺ കാറ്റുകളുടെ സഞ്ചാരഗതി വിശദമാക്കുക.




16. ചുവടെ നൽകിയിരിക്കുന്ന പ്രതിഫലങ്ങളെ അടിസ്ഥാനമാക്കി അവയുടെ ഉൽപാദകഘടകങ്ങൾ ഏതെന്ന് എഴുതുക?


എ) പാട്ടം ..............................

ബി) വേതനം ..............................

സി) പലിശ ..............................

ഡി) ലാഭം ..............................

17. തന്നിരിക്കുന്ന ഭൂപടം നിരീക്ഷിച്ച് ഉത്തരപർവതമേഖലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




എ) ട്രാൻസ് ഹിമാലയത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും രണ്ട് പർവതനിരകളുടെ പേരെഴുതുക.

ബി) പൂർവാചലിൽ ഉൾപ്പെട്ട പ്രധാന കുന്നുകൾ ഏതെല്ലാം?

18. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളിൽ ഏതെങ്കിലും നാലെണ്ണം പട്ടികപ്പെടുത്തുക.

19. മോക്ഷപ്രാപ്തിക്കായി മഹാവീരൻ മുന്നോട്ടു വച്ച തത്വങ്ങൾ ഏതെല്ലാം? അവ ഏത് പേരിൽ അറിയപ്പെടുന്നു?

20. 'എ' കോളത്തിനനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| പട്കായിബും | ഹിമാചൽ ഹിമാലയം |
| നൈനിതാൽ | കാശ്മീർ ഹിമാലയം |
| ഷിംല | ഉത്തരാഖണ്ഡ് ഹിമാലയം |
| മൗണ്ട് K2 | പൂർവാചൽ കുന്നുകൾ |

21. നവീനശിലായുഗത്തിൽ മൃഗങ്ങളെ ഇണക്കി വളർത്താനും കൃഷി ആരംഭിക്കുവാനും മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

22. 'അശോകധമ്മ' എന്നാലെന്ത്? ഇതിലെ പ്രധാന ആശയങ്ങൾ വ്യക്തമാക്കുക.

23. ചുവടെ നൽകിയിരിക്കുന്ന ശിലായുഗകേന്ദ്രങ്ങൾ ഏതേത് ശിലായുഗങ്ങളിൽ ഉൾപ്പെടുന്നുവെന്ന് തിരിച്ചറിഞ്ഞ് എഴുതുക.

ഉദാ : നെവാസാ — താമ്രശിലായുഗം

എ) ഷോവെ ..............................

ബി) ദൈമാബാദ് ..............................

സി) ജാർമൊ ..............................

ഡി) ലഖ്ജാവോർ ..............................